"ഭരണഭാഷ-മാതൃ ഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - ഇറിഗേഷൻ ടൂറിസം പദ്ധതി - ഭൂതത്താൻകെട്ട് പദ്ധതിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ടൂറിസം വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് എഫ്.എസ്.ഐ.റ്റി റീഡിഫൈൻ ഡെസ്റ്റിനേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.പി) വകുപ്പ്**

സ.ഉ.(സാധാ) നം. 996/2024/ജവിവ തീയതി, തിരുവനന്തപുരം, 26-12-2024

---

പരാമർശം :- 1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 05.11.2024 തീയതിയിലെ KIIDC/46/2024-PE21 നമ്പർ കത്ത്

2. 19/9/2023 തീയതിയിലെ GO(MS) 53/2023/WRD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് മികച്ച വരുമാനം നൽകുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിന് ജലവിഭവ വകുപ്പ് ലക്ഷ്യമിടുകയും 'ഇറിഗേഷൻ ടൂറിസം' പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പരാമർശം 2 ലെ ഉത്തരവ് മുഖേന മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപ രേഖ നൽകുകയും ചെയ്തിട്ടുണ്ട്.

ഭൂതത്താൻകെട്ടും അനുബന്ധ പ്രദേശങ്ങളും ടൂറിസം സാധ്യത വികസിപ്പിക്കുന്നതിന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് താല്പര്യപത്രം ക്ഷണിച്ചിരുന്നുവെന്നും രണ്ടു പ്രൊപ്പോസലുകൾ ലഭ്യമായതിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പരാമർശം 1 മുഖേന ആഭ്യർത്ഥിച്ചിരുന്നു.

സർക്കാർ പ്രൊപ്പോസലുകൾ വിശദമായി പരിശോധിച്ചു. എഫ്.എസ്.ഐ.റ്റി റീഡിഫൈൻ ഡെസ്റ്റിനേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് ഭൂതത്താൻകെട്ട് ഇറിഗേഷൻ ടൂറിസം നടത്തുന്നതിലേക്കായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇറിഗേഷൻ ടൂറിസം നടത്തിപ്പ് നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം പ്രവൃത്തികൾ നടത്തുന്നു എന്നത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIDC, ഡാമിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉറപ്പാക്കേണ്ടതാണ്.

2. എല്ലാ നിർമ്മിതികളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവാദത്തോടുകൂടി മാത്രം നടത്തേണ്ടതും ഇതിനായി KIIDC-മായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

3. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. അതോടൊപ്പം പ്രസ്തുത ടൂറിസം പ്രവൃത്തികൾക്ക് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിവിഷണൽ അക്കൗണ്ടന്റ് (അല്ലെങ്കിൽ അതേ അധികാരമുള്ള ഉദ്യോഗസ്ഥൻ) എന്നിവർ തമ്മിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിന്റെ ഏറ്റവും അടുത്തുള്ള ശാഖയിൽ ജോയിന്റ് അക്കൗണ്ട് തുറന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം നിക്ഷേപിക്കേണ്ടതും ഇതിന്റെ ഉപയോഗം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്വർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തിരം മുൻകൂട്ടി സർക്കാരിന്റെ അനുമതി നേടി നടപ്പിലാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്വർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-II, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നമ്പർ എം.പി3/44/2024/ജവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ